**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2882** **10-03-2025 - ൽ മറുപടിയ്ക്ക്**

**വനാതിർത്തികളിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും വന്യജീവി ആക്രമണം തടയാൻ അനുവദിച്ച തുക ഏതെല്ലാം മേഖലയിലാണ് ചിലവഴിച്ചതിന്റെ വിശദാംശം വർഷം തിരിച്ച് നൽകാമോ; | (എ) | 2016-17 മുതൽ 2025 ജനുവരി വരെ ഓരോ വർഷവും മനുഷ്യ-വന്യമൃഗ സംഘർഷം തടയാനുള്ള പ്രതിരോധ നിർമ്മിതികൾക്കായി ചെലവായ തുകയും പ്രവർത്തികളും അനുബന്ധം 1 ആയി ചേർക്കുന്നു |
| (ബി) | സംസ്ഥാനത്ത് വന്യജീവി ആക്രമണം തുടർക്കഥയാകുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കാൻ ഇപ്പോൾ സ്വീകരിച്ച നടപടികൾ പര്യാപ്തമല്ലാത്തതിനാൽ പുതിയ പദ്ധതികൾ ഈ മേഖലയിലെ വിദഗ്ധരുമായി ആലോചിച്ച് കേന്ദ്ര സർക്കാരിന്റെ അഭിപ്രായവും കൂടി സ്വീകരിച്ച് പരിഹരിക്കുന്നതിനുള്ള സ്ഥായിയായ നടപടികൾ സ്വീകരിക്കുമോ? | (ബി) | സംസ്ഥാനത്തെ വന്യജീവി സംഘർഷം പരിഹരിക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ചുവടെ വിവരിക്കും പ്രകാരം വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.<br>1. “മിഷൻ സോളാർ ഫെൻസിംഗ് 2024” - നിലവിൽ നിർമ്മിച്ചിരുന്ന സോളാർ ഫെൻസിംഗുകൾ പ്രവർത്തനക്ഷമമാക്കുന്നതിലേക്കായി “മിഷൻ സോളാർ ഫെൻസിംഗ് 2024” എന്ന കർമ്മ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ടി പദ്ധതി പ്രകാരം 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനയോഗ്യമാക്കി.<br>2. വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി “മിഷൻ ഫുഡ്, ഫോഡർ & വാട്ടർ” പദ്ധതി 2025 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ചു. കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും അധിനിവേശ കള സസ്യങ്ങളെ ഉന്മൂലനം ചെയ്തും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.<br>3. വന്യജീവികൾ നാട്ടിലേക്ക് കടക്കുന്നത് പ്രതിരോധിക്കുന്നതിലേക്കായി 120.37 കി.മീ സോളാർ ഹാംഗിങ്ങ് ഫെൻസിംഗും 10 കി.മീ റെയിൽ ഫെൻസിംഗും 0.11 കി.മീ അയൺ ഫെൻസിംഗും വിവിധ വനമേഖലകളിൽ നിർമ്മിച്ചിട്ടുള്ളതാകുന്നു. |

4. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനായി സംസ്ഥാനത്തെ വിവിധ വനാതിർത്തികളിൽ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആനപ്രതിരോധ മതിൽ, 1.58 കി.മീ. കരിങ്കൽഭിത്തി, 2.09 കി.മീ. കയ്യാല എന്നീ പ്രതിരോധ നിർമ്മിതികൾ പണിതിട്ടുണ്ട് .
5. വന്യമൃഗങ്ങൾ മനുഷ്യവാസ കേന്ദ്രത്തിലേക്ക് കടക്കുന്നത് പരമാവധി തടയാൻ നബാർഡ് ട്രാഞ്ചെ XXVII ൽ 101.50 കിലോമീറ്റർ സോളാർ വേലി നിർമിക്കുന്നതിനായി ലഭിച്ച

586.11 ലക്ഷം രൂപയുടേയും, ട്രാഞ്ചെ XXIX ൽ വിവിധ പ്രതിരോധ നിർമ്മിതികൾക്കായി ലഭിച്ച 6203.02 ലക്ഷം രൂപയുടേയും പ്രവൃത്തികൾ നടന്നുവരുന്നു .
6. മനുഷ്യ-വന്യജീവി സംഘർഷ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സ്റ്റാഫുകൾ നിരന്തര പട്രോളിംഗും, പരിശോധനയും ശക്തമാക്കിയിട്ടുള്ളതും രാത്രികാല പട്രോളിംഗും അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം അതിർത്തി പ്രദേശങ്ങളിൽ ജോയിന്റ് പട്രോളിംഗും നടത്തുന്നു.
7. വന്യജീവി സംഘർഷ നിവാരണത്തിനായി പുതുതായി രൂപീകരിച്ചിട്ടുള്ള 9 RRT കൾ അടക്കം സംസ്ഥാനത്തുടനീളം 28 RRT കളെ വിന്യസിച്ചിട്ടുണ്ട്. രാത്രികാല പട്രോളിംഗ്ശക്തിപ്പെടുത്തിയും നാട്ടിലിറങ്ങുന്ന മൃഗങ്ങളെ സുരക്ഷിതമായി കാട്ടിലേക്ക് തിരികെ വിടുന്നതിനും ആർ.ആർ.റ്റി.കൾ മുൻകൈയെടുത്ത് പ്രവർത്തിച്ചുവരുന്നു.
8. സംസ്ഥാനത്ത് ആകെ 273 പഞ്ചായത്തുകൾ വന്യജീവി സംഘർഷ ബാധിത പ്രദേശങ്ങളായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 30 പഞ്ചായത്തുകൾ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നവയാണ്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന 12 ലാൻസ്കേപ്പുകളെ ഹോട്സ്പോട്ടുകളായി തിരിച്ചറിയുകയും ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായ സംഘർഷ ലഘൂകരണ പ്ലാനുകൾ പ്രത്യേകം തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. ഇവ ക്രോഡീകരിച്ച് ഒരു മനുഷ്യ-വന്യമൃഗസംഘർഷ ലഘൂകരണ നയം രൂപീകരിക്കുന്നതിന് 21/10/2024-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.
9. സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന RRT കൾക്ക് സുരക്ഷാ ഉപകരണങ്ങൾ, ആയുധങ്ങൾ എന്നിവ ലഭ്യമാക്കൽ, ആധുനിക ഉപകരണങ്ങൾ ഉൾപ്പെടയുള്ള ടൂൾ റൂമുകൾ സജ്ജീകരിക്കൽ, മികച്ച പരിശീ-

ലനം പ്രദാനം ചെയ്യൽ എന്നിങ്ങനെ വിവിധോന്മുഖമായ പ്രവർത്തികൾക്ക് തയ്യാറാക്കിയ 3 കോടി രൂപയുടെ പദ്ധതി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അംഗീകരിച്ചത് പരിശോധിച്ചുവരുന്നു .

10. വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ നിർമ്മിക്കുക, ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുക, തെർമൽ സെൻസർ ഡ്രോണുകളും, AI ക്യാമറകൾ, റേഡിയോകോളറുകൾ എന്നിവ വാങ്ങുന്നതിനും മറ്റുമായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിൻ പ്രകാരമുള്ള പ്രവൃത്തികൾ പുരോഗതിയിലാണ്.

11. കേരളത്തിലെ നാടൻ കുരങ്ങുകളെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് അവയെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ ഷെഡ്യൂൾ 1 ൽ നിന്നും ഷെഡ്യൂൾ 2 ലേക്ക് മാറ്റുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളിൽ ഇവയുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനായി ജനന നിയന്ത്രണം ഉൾപ്പെടെയുള്ള കർമ്മപദ്ധതി തയ്യാറാക്കി വരികയാണ്.

12. ജനവാസമേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിനായിട്ടുള്ള കാലാവധി 25/02/2024 ലെ സ.ഉ.(കൈ) നം. 9/2024/വനം പ്രകാരം 28/05/2024 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചിട്ടുണ്ട്. ടി പന്നികളെ ഇല്ലായ്മ ചെയ്യുന്ന ഉത്തരവ് നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെ ഓണററി വൈൽഡ്‌ലൈഫ് വാർഡന്മാരായും സെക്രട്ടറിമാരെ അധികാരപ്പെട്ട ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജനവാസമേഖലകളിൽ മനുഷ്യന്റെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊന്നു ഇല്ലായ്മ ചെയ്യുന്നതിന് ഡിവിഷൻ, സർക്കിൾ തലങ്ങളിൽ അംഗീകൃത ഷൂട്ടർമാരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ട്.

13. പാമ്പുകൾ മൂലമുള്ള അപകടം ഒഴിവാക്കുന്നതിന് "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷനും സർപ്പയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ അടിസ്ഥാനമാക്കി ഉടനടി സ്ഥലത്തെത്തി അപകടസാദ്ധ്യത ഒഴിവാക്കുന്നതിന് പരിശീലനം ലഭിച്ച സന്നദ്ധ സേവകരുടെ സംഘവും നിലവിലുണ്ട്.പ്രസ്തുത പ്രോഗ്രം പ്രകാരം 2024 വർഷത്തിൽ 16453 പാമ്പുകളെ റസ്ക്യൂ ചെയ്തിട്ടുള്ളതാകുന്നു.

14. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, ബന്ധപ്പെട്ട മറ്റു വകുപ്പുകളുടെ പ്രതിനിധികൾ, VSS/EDC അംഗങ്ങൾ, കർഷകർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾ എന്നിവരടങ്ങുന്ന 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിലേക്ക് പ്രവർത്തിച്ചു വരുന്നുണ്ട്.

15. ജനവാസ മേഖലയോടു ചേർന്നുള്ള വനപ്രദേശങ്ങളിൽ അടിക്കാടുകൾ വെട്ടിമാറ്റി (വിസ്ത ക്ലിയറൻസ്) സഞ്ചാരപാത വ്യക്തമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

16. ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അനിഡേർസ് അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഡിജിറ്റൽ (സെൻസർ) വാളുകൾ, ക്യാമറ ട്രാപ്പ്, ആനിമൽ ഇൻട്രൂഷൻ അലർട്ട് സിസ്റ്റം തുടങ്ങിയവയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു.

17. സന്നദ്ധ പുനരധിവാസ പദ്ധതിയായ നവകിരണം പദ്ധതി പ്രകാരം 818 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് പ്രകാരമുള്ള തുക നൽകി മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിലേക്കായി വനാന്തരങ്ങളിൽ നിന്ന് മാറിതാമസിക്കുവാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

18. മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാര രീതി പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാ-രത്തുക വർദ്ധിപ്പിക്കുന്നതിനുമായി തയ്യാറാക്കിയ പ്രൊപ്പോസൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലാണ്.

19. കേരളത്തിലെ വന്യജീവി സംഘർഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടുകൂടി കൈകാര്യം ചെയ്യുന്നത് ലക്ഷ്യമിട്ട് വന്യജീവി സംഘർഷത്തെ “സംസ്ഥാന സവിശേഷ ദുരന്തമായി” പ്രഖ്യാപിക്കുകയുണ്ടായി. വന്യജീവി സംഘർഷ പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ കൂട്ടുത്തരവാദിത്വത്തോടെ ത്വരിത ഗതിയിൽ നടപ്പാക്കുക ലക്ഷ്യമിട്ട് ഓരോ വകുപ്പും നിറവേറ്റേണ്ട ചുമതലകൾ വ്യക്തമാക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാകുന്നു.

20. ഏതെങ്കിലും മേഖലയിൽ വന്യമൃഗത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ ജാഗരൂകരാക്കുന്നതിലേക്കായി ഏർളി വാർണിംഗ് സിസ്റ്റം, എസ്.എം.എസ് അലർട്ട് സിസ്റ്റം, തുടങ്ങിയ

സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് വരുന്നു.

21. വനപ്രദേശങ്ങളോട് ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർ ടി സ്ഥലങ്ങളിലെ കളകളും, കുറ്റിക്കാടുകളും നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. സ്വകാര്യ റിസോർട്ടുകളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനുള്ള-നിർദ്ദേശം നൽകുകയും, ബോധവൽക്കരണം നടത്തു-കയും ചെയ്തിട്ടുണ്ട്. ആവശ്യമായ ലൈറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

23. ജനവാസമേഖലകളിലും വിനോദസഞ്ചാര മേഖല-കളിലും അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്.

24. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ-ങ്ങൾ ജാഗ്രതയോടെ നിരീക്ഷിക്കുന്നതിനും നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തത്സമയം ഏകോപി-പ്പിക്കുന്നതിനുമായി ഡിവിഷൻ തലത്തിൽ 36 കൺട്രോൾ റൂമുകളും (Division Emergency Operations Centre – DEOC), വനം വകുപ്പ് ആസ്ഥാനത്ത് സംസ്ഥാനതല കൺട്രോൾ റൂമും (State Forest Emergency Operations Centre – SFEOC) 24 മണിക്കൂറും പ്രവർത്തിച്ചു വരുന്നു.

25. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ഉദ്യോഗസ്ഥതല സമിതി രൂപീകരിച്ചിട്ടുണ്ട്.

26. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യജീവികളെ നിരീക്ഷിച്ച് പരസ്പരം വിവരങ്ങൾ കൈമാറുക, മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക, കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ ചേർന്ന് അന്തർ സംസ്ഥാന കോർഡിനേഷന്റെ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

27. വന്യമൃഗങ്ങളുടെ സാമീപ്യത്തെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾക്ക് പൊതുജന സഹകരണം ഉറപ്പാക്കുന്നതിനും വ്യാജ വിവരങ്ങൾ നൽകി ജനങ്ങളെ പരിഭ്രാന്തരാക്കുന്നത് തടയുന്നതിനുമായി പബ്ലിക് അഡ്രസ്സ് സിസ്റ്റം, ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കൽ, ബ്രോഷറുകളും പാംലെറ്റുകളും വിതരണം ചെയ്യൽ, സോഷ്യൽ മീഡിയയിലൂടെ വിവരങ്ങൾ നൽകൽ തുടങ്ങിയവ

നടപ്പിലാക്കി വരുന്നു.
28. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്ന വയനാട് ജില്ലയിൽ നേരിടുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്ന പ്രവർത്തനങ്ങൾക്കുപരി ഫലപ്രദമായ ഏകോപനത്തിനും മേൽനോട്ടത്തിനും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.
29. ആധുനിക സാങ്കേതികവിദ്യയെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപകരണങ്ങൾ സ്ഥാപിച്ചും, മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിച്ച് വിവരങ്ങൾ ശേഖരിച്ചും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ക്യാമറാ ട്രാപ്പുകൾ, റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം, വൈൽഡ് വാച്ച് മൊബൈൽ ആപ്ലിക്കേൻ മുതലായ സംവിധാനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.
30. വനമേഖലകളിലെ വിവിധയിടങ്ങളിലായി 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും, 574 വയലുകളും, 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വനപ്രദേശങ്ങളോടു ചേർന്നുകിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ, കൃഷിയിടങ്ങൾ തുടങ്ങിയവയിലെ കളകളും, കുറ്റിക്കാട്ടുകളും നീക്കം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
31. വനത്തിനുള്ളിലെ വയലുകളുടെ പരിപാലനത്തിന് നബാർഡ് മുഖേന ₹25 കോടി ലഭിച്ചിട്ടുണ്ട്. ഇവയുടെ തുടർ പ്രവർത്തികൾ നടക്കുന്നുണ്ട്.

32. സ്വാഭാവിക വനപുനഃസ്ഥാപന പദ്ധതി പ്രകാരം അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി എല്ലാ ഡിവിഷനുകളിലേയും അംഗീകരിച്ച വർക്കിംഗ് പ്ലാനുകളിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിനും പുതിയ വർക്കിംഗ് പ്ലാനുകളിൽ ഇക്കോ-റെസ്റ്റോറേഷൻ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സർക്കിളുകളിലായി 5,031 ഹെക്ടർ സ്ഥലത്ത് ടി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം ആകെ 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, തേക്ക് തുടങ്ങിയ ഏകവിള തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്.

33. മനുഷ്യ-വന്യമൃഗ സംഘർഷലഘൂകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ്

ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും വോളന്റീയർമാർക്കും പരിശീലനം നൽകുന്നതിനാ-യുള്ള മോഡ്യൂൾ ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. അരിപ്പ, വാളയാർ എന്നിവിടങ്ങളിലെ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രസ്തുത പ്രായോഗിക വിദഗ്ധ പരിശീലനം നൽകിവരുന്നുണ്ട്.
34. ഇതോടൊപ്പം തന്നെ വന്യജീവികളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരവും നൽകി വരുന്നുണ്ട്.

ഇതിലുപരിയായി താഴെ വിവരിക്കും പ്രകാരം 10 മിഷനുകൾ നടപ്പിലാക്കാനായി സർക്കാർ 26/02/2025 ലെ സർക്കാർ ഉത്തരവ് (കൈ) നം. 8/2025/വനം പ്രകാരം തീരുമാനിച്ചിട്ടുള്ളതാണ്. ആയതിൽ മിഷൻ ട്രൈബൽ നോളജ്, മിഷൻ നോളജ് എന്നിവ കെ.എഫ്.ആർ.ഐ., ടി.ബി.ജി.ആർ.ഐ. വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, സാക്കോൺ തുടങ്ങി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ ലക്ഷ്യം വയ്ക്കുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന മറ്റ് വിവിധ കാരണങ്ങൾ, മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂക-രണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന പരമ്പരാഗത അറിവുകൾ എന്നിവ സംബന്ധിച്ച പഠനങ്ങൾക്ക് മുൻഗണന നൽകുന്നു.

1. Mission Real Time Monitoring
സംസ്ഥാനത്തെ എല്ലാ ഡിവിഷനുകളിലെയും ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാര-പാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുകയും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടിയറിഞ്ഞ് പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുകയും ലക്ഷ്യം വച്ചുകൊണ്ടുള്ള സമഗ്രമായ നിരീക്ഷണ സംവിധാനം.

2. Mission Primary Response Teams
സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ പ്രശ്ന-ങ്ങളിൽ പ്രാദേശികമായി സത്വര ഇടപെടലിനായി Primary Voluntary Response ടീമുകളെ (പ്രാഥമിക സന്നദ്ധ പ്രതികരണസേന) സജ്ജമാക്കാനുള്ള ശ്രമം നടന്നുവരുന്നു. ആർ.ആർ.ടി.കൾ സംഘർഷ പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിനു മുമ്പ് തന്നെ ഈ ടീമുകൾ സംഘർഷപ്രദേശത്ത് അടിയന്തിരമായി എത്തിച്ചേരുന്നതിനും പ്രശ്നപരിഹാരത്തിനാവശ്യമായ സത്വര പ്രാഥമിക നടപടികൾ സ്വീകരിക്കുകയും

ചെയ്യുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. സംഘർഷ ലഘൂകരണത്തിനായി State Bio-Diversity Board, SDMA, SARPA വോളന്റീയർമാർ, പഞ്ചായത്തുകൾ എന്നിവരുടെ സഹായവും തേടുന്നതാണ്.

3. Mission Tribal Knowledge

കേരളത്തിലെ 36 ഗോത്ര സമൂഹങ്ങൾ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന് സ്വീകരിച്ചു-പോന്ന പരമ്പരാഗത അറിവുകൾ ശേഖരിക്കുന്നതിന് വനം വകുപ്പ് കേരള വന ഗവേഷണ കേന്ദ്രവുമായി ചേർന്ന് ശ്രമിക്കുന്നു. ഇതിലൂടെ മനുഷ്യ-വന്യജീവി സംഘർഷത്തിൽ ഗോത്ര സമൂഹങ്ങളുടെ ജീവനാശം ഒഴിവാക്കുന്നതിനായി അവരുടെതായ തനതു രീതികൾ തിരിച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമവും അതിലെ ഫലപ്രാപ്തിയുടെ ശാസ്ത്രീയ പരിശോധനയും സാധ്യമാവും എന്നാണ് കരുതുന്നത്. പട്ടിക വർഗ്ഗ വകുപ്പിന്റെ കൂടി സഹകരണത്തോടെ-നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

4. മിഷൻ ഫുഡ്, ഫോഡർ & വാട്ടർ - Mission Food, Fodder & Water

വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷി-ക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും, അവയ്ക്ക് ആവശ്യ-മായ ജല-ഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനുമായി വനംവകുപ്പ് "മിഷൻ ഫുഡ്, ഫോഡർ & വാട്ടർ" പദ്ധതി വിഭാവനം ചെയ്യുന്നു. വനാന്തരങ്ങളിലെ കുളങ്ങളും ചെക്ക്ഡാമുകളും മറ്റു ജലസംഭരണികളും സംഭരണശേഷി വർധിപ്പിക്കുന്നതി-നുള്ള പണികൾ നടത്തി വന്യജീവികൾക്ക് ജലലഭ്യത ഉറപ്പാക്കുകയും, വനമേഖലകളിൽ പടർന്ന് പിടിച്ചിട്ടുള്ള അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്തും തദ്ദേശീയ ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും ഭക്ഷണലഭ്യത ഉറപ്പുവരുത്തി വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനി-ർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. തദ്ദേശീയ ജനതയുടെയും എൻ .ജി.ഒ.കളുടെയും പിന്തുണയോടെയും പങ്കാളിത്തത്തോടെയുമായിരിക്കും വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നത്.

5. Mission Bonnet Macaque

കേരളത്തിലെ പല ഭാഗങ്ങളിലും നാടൻ കുരങ്ങുകളുടെ ശല്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ അവയെ നിയമാനുസൃതം നിയന്ത്രിക്കുന്നതിന് വേണ്ട മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനാണ് ഊന്നൽ നൽകുന്നത്.

6. Mission Wild Pig

കാട്ടുപന്നിയുടെ ശല്യം വ്യാപകമായ പഞ്ചായത്തുക-ളിൽ അവയെ നിയന്ത്രിക്കുന്നതിന് വനം വകുപ്പ് പഞ്ചായത്തുകളുമായി സഹകരിച്ച് തുടർനടപടി

| | | | | |
|---|---|---|---|---|
| | | | | സ്വീകരിച്ചുവരുന്നു. ഇത് ഊർജ്ജിതമാക്കാനുള്ള ശ്രമങ്ങൾ തുടരും.<br>7. Mission SARPA<br>SARPA മിഷന്റെ ഭാഗമായി സംസ്ഥാനത്ത് പാമ്പ് കടിയേറ്റുള്ള മരണങ്ങൾ പൂർണ്ണമായി ഇല്ലാതാക്കു-വാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ആന്റിവെനം (Antivenom) ഉല്പാദനവും വിതരണവും കാര്യക്ഷമമാ-ക്കുവാനും ജനങ്ങളിൽ ബോധവത്ക്കരണം ശക്തമാ-ക്കുവാനും ആരോഗ്യവകുപ്പുമായി സഹകരിച്ച് നടപടി ലക്ഷ്യമിടുന്നു.<br>8. Mission Knowledge<br>മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിന്റെ ഭാഗമായി 'Mission Knowledge' എന്ന പദ്ധതിക്ക് വകുപ്പ് രൂപം നൽകുന്നു. കെ.എഫ്.ആർ.ഐ., ടി.ബി.ജി.ആർ.ഐ. വൈൽഡ്ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, സാക്കോൺ തുടങ്ങി വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ ലക്ഷ്യം വയ്ക്കുന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന മറ്റ് വിവിധ കാരണങ്ങൾ എന്നിവ സംബന്ധിച്ച് പഠനങ്ങൾക്ക് മുൻഗണന നൽകുന്നു.<br>9. Mission Solar Fencing<br>മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ജനവാസമേഖലകളിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് പ്രതിരോധിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വേലികൾ പരമാവധി പ്രവർത്തനക്ഷമമാക്കുവാൻ 2024 നവംബർ-ഡിസംബർ മാസങ്ങളിൽ തീവ്രയജ്ഞ പരിപാടി സംഘടിപ്പിച്ചു. പൊതുജന പങ്കാളിത്തത്തോടെയുള്ള 'മിഷൻ ഫെൻസിംഗ് 2024' എന്ന കർമ്മ പരിപാടിയിലും ഉപയോഗ്യശൂന്യമായിരുന്ന 848 കിലോമീറ്റർ വേലി പ്രവർത്തനക്ഷമമാക്കി. ഈ മിഷൻ തുടർന്നുവരികയാണ്.<br>10. Mission Sensitization to Public<br>മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച് പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് ഓരോ പ്രദേശങ്ങളിലും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കാമ്പയിനുകൾ സംഘടിപ്പിക്കുവാൻ വകുപ്പ് ലക്ഷ്യമിടുന്നു. സോഷ്യൽ ഫോറസ്ട്രി വിഭാഗം, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ, വനം സോഷ്യൽ മീഡിയാ സെൽ എന്നീ വിഭാഗങ്ങൾ വഴിയാണ് പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**2016-17 മുതൽ 2024-25 വരെ മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**

*(തുക ലക്ഷം രൂപയിൽ)*

| പ്രവൃത്തി | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | 2024-25 | Total |
|---|---|---|---|---|---|---|---|---|---|---|
| സോളാർ വേലി | 354.963 | 529.332 | 466.260 | 353.990 | 483.940 | 326.130 | 268.597 | 225.895 | 651.1473 | 3660.254 |
| ആനക്കിടങ്ങ് | 108.910 | 216.166 | 142.290 | 110.190 | 170.950 | 96.750 | 90.690 | 39.820 | 96.774 | 1072.54 |
| ആന പ്രതിരോധ മതിൽ | 1166.560 | 1691.710 | 8.650 | 2.460 | 44.490 | 3.150 | 0.000 | 2.460 | 45.19 | 2964.67 |
| സോളാർ തൂക്കുവേലി | 0.000 | 0.000 | 0.000 | 0.000 | 42.100 | 53.400 | 271.330 | 42.758 | 754.06 | 1163.648 |
| ക്രാഷ്-ഗാർഡ് വേലി | 0.000 | 34.080 | 0.000 | 0.000 | 5.600 | 0.000 | 0.000 | 0.000 | 0.000 | 39.68 |
| കൽമതിൽ | 0.000 | 9.960 | 3.290 | 3.010 | 0.000 | 4.280 | 0.000 | 0.000 | 6.01 | 26.55 |
| റെയിൽ വേലി | 0.000 | 0.000 | 0.000 | 12.060 | 0.000 | 0.000 | 0.000 | 0.000 | 0.000 | 12.06 |
| ചുറ്റുമതിൽ | 7.990 | 29.790 | 8.330 | 15.290 | 1.920 | 2.710 | 12.380 | 0.000 | 1.86 | 80.27 |
| ഇരുമ്പു വേലി | 1.930 | 13.100 | 0.000 | 0.000 | 0.000 | 0.000 | 3.850 | 0.000 | 0.000 | 18.88 |
| **ആകെ** | **1640.353** | **2524.138** | **628.82** | **497** | **749** | **486.42** | **646.847** | **310.933** | **1555.041** | **9038.552** |